**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4574** **29-10-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായുള്ള ഫണ്ടിന്റെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്തെ വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള ഫണ്ടുകൾ ഏതെല്ലാം എന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്തെ വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായി പ്രോജക്റ്റ് എലിഫന്റ് സ്കീമിൽ കേന്ദ്ര സർക്കാരിൽ നിന്നും 935.95 ലക്ഷം രൂപയും ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (Protection of Wildlife Outside PA) സ്കീമിൽ 2098.31 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര രൂപ വീതമാണ് ഓരോ ഫണ്ടിൽ നിന്നും സംസ്ഥാനം ചെലവഴിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | (ബി) | പ്രോജക്റ്റ് എലിഫന്റ് സ്കീമിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച 935.95 ലക്ഷം രൂപയിൽ 775.78 ലക്ഷം രൂപയും ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (Protection of Wildlife Outside PA) സ്കീമിൽ 2098.31 ലക്ഷം രൂപയിൽ 1793.97 ലക്ഷം രൂപയും വന്യമൃഗശല്യം നിയന്ത്രി ക്കുന്നതിനായുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് സംസ്ഥാനം ചെലവഴിച്ചിട്ടുണ്ട്. |
| (സി) | വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി ഈ കാലയളവിൽ സംസ്ഥാന സർക്കാർ ഖജനാവിൽ നിന്നും ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (സി) | വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി ഈ കാലയളവിൽ സംസ്ഥാന സർക്കാർ തുക ചെലവഴിച്ചത് Measures to Reduce Man Animal Conflict Scheme (BH:2406-01-800-56 MRMAC) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് മാത്രമാണ്. വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി സംസ്ഥാന സർക്കാർ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ Measures to Reduce Man Animal Conflict Scheme ൽ വന്യജീവികളുടെ വാസസ്ഥലത്തിന്റെ പുരോഗതി, സൗരോർജ്ജ കമ്പിവേലികളുടെ നിർമ്മാണം, അവയുടെ അറ്റകുറ്റപ്പണികൾ, ആന കിടങ്ങിന്റെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വിസ്റ്റാ ക്ളിയറൻസ്, വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ ഫയർലൈൻ തെളിക്കൽ, കുളം വൃത്തിയാക്കൽ, മണ്ണ്-ജല സംരക്ഷണം, ദ്രുതകർമ്മസേനയുടെ ശക്തിപ്പെടുത്തൽ, വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | തിരിച്ചയക്കുന്നതിനായി വാച്ചർമാരെ നിയോഗിക്കൽ, ജനങ്ങളിൽ വന്യമൃഗശല്യം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തികൾ, എന്നിവയ്ക്ക് പുറമെ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ധനസഹായം എന്നിങ്ങനെയുള്ള വിധ പ്രവർത്തികൾക്കായി 10984.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് വന്യമൃഗശല്യം വർധിച്ചുവരുന്ന സാഹചര്യത്തിൽ മുടങ്ങിക്കിടക്കുന്ന ഫണ്ടുകളുടെ വിനിയോഗം ത്വരിതപ്പെടുത്തുവാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (Protection of Wildlife Outside PA) സ്കീമിൽ 2021-22 വർ ഷത്തേക്ക് 805 ലക്ഷം രൂപയ്ക്കുള്ള വർഷിക പദ്ധതി രൂപരേഖ (APO) കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് നാളിതുവരെ അംഗീകരിച്ച് കിട്ടിയിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ